# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34** **29/05/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണ നിബന്ധനകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, കെ.മുരളീധരൻ**<br>**,, വി.ഡി.സതീശൻ**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി റിസർവ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകൾ എന്തൊക്കെ യായിരുന്നു; പ്രസ്തുത നിബന്ധനകൾ പൂർണ്ണ തോതിൽ പാലിക്കുന്നതിന് സാധിച്ചിട്ട ണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.<br>2. ലയനത്തെ സ്റ്റേ ചെയ്തു കൊണ്ടോ നിരോധിച്ചു കൊണ്ടോ കോടതി വിധികൾ ഒന്നും ഇല്ലാ എന്ന് സർക്കാർ ഉറപ്പ് വരുത്തണം.<br>3. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ഒരു ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.<br>4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസാക്കണം.<br>5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MOU ഒപ്പു വയ്ക്കണം. ഭരണ സമിതി മാനേജ് മെന്റ് ഘടന, മനുഷ്യ വിഭവ ശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MOU യിൽ വരേണ്ടത്.<br>6. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ് വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം. |

| | | | |
|---|---|---|---|
| | | | 7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ്ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷി ഉള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നല്കുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.<br>8. ക്രമ രഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.<br>9. ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.<br>10. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.<br>11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നല്കാൻ കഴിയും വിധമുള്ള മികച്ച സോഫ്റ്റ് വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.<br>12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.<br>13. സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഫിറ്റ് & പ്രോപർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.<br>14. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപികരിക്കണം. അതിനായി, ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.<br><br>15. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI ക്ക് അപേക്ഷ നല്കണം. RBI യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI ക്ക് സറണ്ടർ ചെയ്യണം.<br>16. ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡപ്പോസിറ്റ് ഇൻഷ്വറൻസ് ക്രഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.<br>17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം.<br>18. ബാങ്ക് എന്ന പദം ഉപയോഗിച്ച് കൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.<br>19. മേൽ വ്യവസ്ഥകൾ പാലിച്ചതിനു ശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിനെ സമീപിക്കണം.<br>മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള മറ്റ് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിലവിലെ സഹകരണ നിയമ പ്രകാരം ലയന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ലയനത്തിന് മുൻപ് പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു. |
| (ബി) | കേരള സഹകരണ സംഘ നിയമത്തിൽ 2018 ൽ വരുത്തിയ ഭേദഗതി ആർ.ബി.ഐ.യുടെ നിബന്ധനകൾക്ക് അനുസൃത മായിരുന്നോയെന്ന് അറിയിക്കുമോ; | (ബി) | ലയനത്തിന് മുൻപ് കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്ക് നിബന്ധനകൾ ഒന്നും നിർദ്ദേശിച്ചിട്ടില്ല. |
| (സി) | സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതിന് എത്ര ജില്ലാ ബാങ്കുകൾ റിസർവ് ബാങ്ക് നിർദ്ദേശിച്ച പ്രകാരമുള്ള ഭൂരിപക്ഷത്തോടുകൂടി അനുമതി | (സി) | 2019 ൽ സഹകരണ നിയമത്തിൽ അംഗീകരിച്ച ഭേദഗതിക്ക് മുൻപ് സംഘങ്ങൾ ലയന പ്രമേയം പാസ്സാക്കുന്നതിന് മുന്നിൽ രണ്ടു ഭൂരിപക്ഷം ആവശ്യമായിരുന്നു. |

| | | | |
|---|---|---|---|
| | നൽകിയെന്ന് വെളിപ്പെടുത്തുമോ; | | എന്നാൽ 2019-ൽ ഭേദഗതി അംഗീകരിക്കപ്പെട്ടതോടെ ലയന പ്രമേയം പാസ്സാക്കുന്നതിന് കേവല ഭൂരിപക്ഷം മതിയാകും. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും നിലവിലെ നിയമമനുസരിച്ച് ലയന പ്രമേയം പാസ്സായിട്ടുണ്ട്. |
| (ഡി) | ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ബാങ്കുകൾ കനത്ത നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിലൂടെ നിക്ഷേപകരുടെ താല്പര്യങ്ങൾ ഹനിക്കപ്പെട്ടു മെന്നതിനാലും സർക്കാർ നീക്കം സഹകരണ ജനാധിപത്യത്തിന് കോട്ടം ഉണ്ടാക്കുമെന്നതിനാലും കേരള ബാങ്ക് രൂപീകരണ ശ്രമം ഉപേക്ഷിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സഹകരണ ബാങ്ക് മൂന്ന് വർഷമായി പ്രവർത്തന ലാഭത്തിലും 2018-19 വർഷത്തെ കണക്കുകൾ പ്രകാരം അറ്റ ലാഭത്തിലുമാണ്. കേരള ബാങ്ക് രൂപീകരിക്കുന്നതിലൂടെ നിക്ഷേപകരുടെ താല്പര്യം ഹനിക്കപ്പെടുകയോ സഹകരണ ജനാധിപത്യത്തിന് കോട്ടമുണ്ടാകുകയോ ചെയ്യുമെന്ന് കരുതുന്നില്ല.<br>RBI നിബന്ധനകൾ പാലിച്ച് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തിരം RBI യ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ